## അനുബന്ധം

## ആധുനിക തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി സാഫ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

### ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് – ഓൺലൈൻ കോഴ്സ്

ആധുനിക തൊഴിൽ മേഖലയിലേക്ക് മത്സ്യത്തൊഴിലാളി കുടുബങ്ങളിലെ സ്ത്രീകളെ ആകർഷിക്കുന്നതിനായി അഭ്യസ്തവിദ്യരായ വനിതകൾക്ക് ഡിജിറ്റൽ മീഡിയ മാർക്കറ്റിംഗ് കോഴ്സ് നടത്തി 'ജൻഡർ ഇക്വാളിറ്റി & വിമെൻ എംപവർമെന്റ് പോളിസി' ശീർഷകത്തിൽ ഉൾപ്പെടുത്തി 'ബ്രിഡ്ജിംഗ് ദ ഡിജിറ്റൽ ഡിവൈഡ്-ഇൻക്ലൂഡ്, അപ് സ്കിൽ & ഇന്നാവേറ്റ്' പദ്ധതി പ്രകാരമാണ് കോഴ്സ് നടപ്പിലായത്. 9 തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 ബിരുദധാരികളായ യുവതികൾക്കാണ് പരിശീലനം നൽകിയത്.

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം കേരള (ASAP) മുഖേനയാണ് കോഴ്സ് നടപ്പിലാക്കിയത്. 3 മാസത്തെ ഓൺലൈൻ കോഴ്സും 6 മാസം സാഫ് യൂണിറ്റിന്റെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസിൽ പ്രായോഗിക പരിശീലനവും നൽകി. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (ടാബ്‌ലറ്റ്) പഠിതാക്കൾക്ക് നൽകിയിട്ടുണ്ട്.

മോഡേൺ ഡിജിറ്റൽ യുഗത്തിൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് വിവിധതരം ആപ്ലിക്കേഷനുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ താഴെപ്പറയുന്ന പരിശീലനങ്ങൾ നൽകി.

- മാർക്കറ്റ് റിസർച്ച്, ഇ-മെയിൽ മാർക്കറ്റിംഗ്
- സോഷ്യൽ മീഡിയ മാർക്കറ്റിംഗ്
- സെർച്ച് എൻജിൻ ഒപ് റ്റിമൈസേഷൻ
- ഗൂഗിൾ അനലിറ്റിക്സ്
- ഗൂഗിൾ അഡ് വർഡ്സ്
- ഓട്ടോമേഷൻ ടൂൾസ്

സാഫിന്റെ യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗിലേക്ക് കൊണ്ടുവരുന്നതിനും ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ഈ പഠിതാക്കൾ വഴി ലഭിച്ചിട്ടുണ്ട്. യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗിലേയ്ക്ക് കൊണ്ടുവരുന്നതിന് ആദ്യപടിയായി ഗൂഗിൾ ലൊക്കേഷൻ, ക്യൂ.ആർ. കോഡ്, ഫേസ് ബുക്ക് അക്കൗണ്ട്, ബിസിനസ് വാട് സ്ആപ് ഗ്രൂപ്പ്, ഇ-മെയിൽ ഐ.ഡി. എന്നിവ തയ്യാറാക്കി നൽകുന്നതിനും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ഷോർട്ട് വീഡിയോകൾ, പോസ്റ്ററുകൾ, ഡിജിറ്റൽ അഡ്വെർടൈസ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനും യൂണിറ്റുകളിൽ പ്രായോഗിക പരിശീലനം നൽകി. ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് കോഴ്സ് പരിശീലനം ലഭിച്ചവർ സ്വന്തം നിലയിൽ ജോലികൾ ചെയ്ത് വരുന്നു.

### ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ്

ആധുനിക യുഗത്തിൽ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാഫ് യൂണിറ്റുകളുടെ

ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന് ആവശ്യമായ സ്റ്റാൻഡേർഡ് ക്വാളിറ്റി, പ്രോഡക്ട് സാമ്പിൾ ടെസ്റ്റിംഗ്, പാക്കിംഗ്, പ്രോഡക്ട് ലേബൽ, ഡിസൈൻ, സ്റ്റോറേജ് എന്നിവ ചെയ്തു വരുന്നു. പ്രോഡക്ട് പ്രൊമോഷന് ആവശ്യമായ പരസ്യം, ഓൺലൈൻ പോസ്റ്റർ, ഷോർട്ട് വീഡിയോകൾ തുടങ്ങിയവ തയ്യാറാക്കി ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നു. ഡെലിവറി പാർട്ട്ണറെ ജില്ലകൾ അതാത് പ്രദേശങ്ങളിൽ നിന്നുതന്നെ കണ്ടെത്തുകയും ഉൽപ്പന്നങ്ങൾ ഹോം ഡെലിവറി ചെയ്യുന്നതിന് അവരുമായി ലിങ്കേജ് ഉണ്ടാക്കുകയും ചെയ്യുന്നു. ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് 356 ലക്ഷം രൂപയുടെ (2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ) വരെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും സാഫ് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സാഫിന്റെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ് ആപ്-ൽ മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സാഫ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ഇതിലൂടെ ഉദ്ദേശിക്കുന്നു.

## മേളകളും എക്സിബിഷനുകളും

ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിന് വേണ്ടി സാഫ് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിറ്റഴിക്കുന്നതിനും വേണ്ടി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുന്നു. പ്രധാനപ്പെട്ട മേളകളിലും എക്സിബിഷനുകളിലും ഓരോ ജില്ലയിലും നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നു. വിവിധ മേളകളിലും എക്സിബിഷനുകളിലും പങ്കെടുക്കുന്നതുവഴി ആധുനിക തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് സാധിക്കുന്നു. ഭാരത അന്താരാഷ്ട്ര മേളയിൽ (IITF) പങ്കെടുക്കുന്നത് വഴി അന്താരാഷ്ട്ര വിപണിയിലെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുന്നതിനും സാഫ് ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സാധിച്ചു

## മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന സംരംഭങ്ങൾ വഴി മികച്ച ബദൽ ജീവനോപാധി ലഭ്യമാക്കുന്നതിന് സാഫ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ ആക്ട് അനുസരിച്ച് സാഫ് ഫിഷ് & ഫിഷ് പ്രോസ്സസിംഗ് ഗ്രൂപ്പ് കാറ്റഗറി ഫെഡറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫിഷ് ബൂത്ത്, ഡ്രൈ ഫിഷ്, ഫിഷ് പ്രോസ്സസിംഗ് യൂണിറ്റുകൾ, അച്ചാറുകൾ, അലങ്കാര മത്സ്യം, ക്ലാം പ്രോസ്സസിംഗ്, പീലിംഗ് ഷെഡ്, ഫിഷ് മാമ്പർ എന്നിങ്ങനെ 261 യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്. ഇതിൽ 131 യൂണിറ്റുകൾ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസിന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽ നിന്ന് ശേഖരിക്കുന്ന ചെമ്മീൻ, കൊഴുവ, നങ്ക്, പല്ലിമീൻ, സ്രാവ്, മുള്ളൻ എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ വിപണിയിൽ ലഭ്യമാണ്. സാഫ് സംരംഭകർ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്താണ് മാർക്കറ്റിൽ എത്തിക്കുന്നത്. എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ സൂപ്പർമാർക്കറ്റുകളിലും കടകളിലും ടി ഉൽപ്പന്നം ലഭ്യമാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം ലുലു ഹൈപ്പർ മാർക്കറ്റിൽ തീരമൈത്രി ബ്രാന്റഡ് ഡ്രൈ ഫിഷ്

ഉൽപ്പന്നങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സാഫ് യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നങ്ക്, ചെമ്മീൻ എന്നീ ഉണക്കമത്സ്യങ്ങൾ മൊത്തമായി യൂണിറ്റുകളിൽ നിന്ന് വിവിധ എക്സ്പോർട്ടിങ്ങ് ഏജൻസികൾക്ക് നൽകി വരുന്നു.

ഇതു കൂടാതെ ടൈലറിംഗ് & ഗാർമെന്റ്സ്, ബ്യൂട്ടിപാർലർ, ഡ്രൈ ഫിഷ് യൂണിറ്റ്, കാറ്ററിംഗ് & റെസ്റ്റോറന്റ്, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ, സീ ഫുഡ് കിച്ചൻ, സൂപ്പർമാർക്കറ്റുകൾ, ട്യൂഷൻ സെന്ററുകൾ, ഫ്ളോർമില്ലുകൾ, ബേക്കറി, പലഹാര നിർമ്മാണം, കട നിർമ്മാണം, മെഡിക്കൽ ലാബ്, ഐ.ടി കിയോസ്ക് തുടങ്ങിയ 63 ഓളം വൈവിധ്യമാർന്ന സംരഭങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

Sobitha.

**സെക്ഷൻ ഓഫീസർ**